നമ്പർ. ഇ.എം(2)21579/2007 സഹകരണ സംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, 18.10.2008.

# സർക്കുലർ നമ്പർ 69/2008

വിഷയം: സഹകരണം - സഹകരണ സർവ്വീസ് എക്സാമിനേഷൻ ബോർഡ് - സഹകരണ സംഘങ്ങളിലെ പരീക്ഷാ നടത്തിപ്പും നിയമനവും - വ്യവസ്ഥകൾ പാലിക്കുന്നതിലെ വീഴ്ച - മാർഗ്ഗ നിർദ്ദേശം സംബന്ധിച്ച്.

സൂചന: 1) 28.2.2005 ലെ ജി.ഒ.(എം.എസ്)27/2005 -ാം നമ്പർ സർക്കാർ ഉത്തരവ്.
2) സർക്കാരിന്റെ 17.5.2007 ലെ 908/എ3/07/സഹ. നമ്പർ കത്ത്.
3) സർക്കാരിന്റെ 8.4.2008 ലെ 3820/എ3/08/സഹ.നമ്പർ കത്ത്.
4) സർക്കാരിന്റെ 28.7.2008 ലെ 5559/എ3/08/സഹ. നമ്പർ കത്ത്.

1969 ലെ കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് 80 ബി പ്രകാരം, പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ, പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ, സഹകരണ അർബൻ ബാങ്കുകൾ, പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്കുകൾ, എന്നീ സഹകരണ സംഘങ്ങളുടെ ക്ലാർക്കും അതിനു മുകളിലുള്ള തസ്തികകളിലേയ്ക്കും നേരിട്ടുള്ള നിയമനങ്ങൾക്കുള്ള എഴുത്തു പരീക്ഷ സഹകരണ സർവ്വീസ് പരീക്ഷാ ബോർഡ് മുഖേനയാണ് നടത്തേണ്ടത്.

1969 ലെ കേരള സഹകരണ സംഘം ചട്ടങ്ങളിലെ 182,182A എന്നീ ചട്ടങ്ങൾക്കനുസരണമായി സഹകരണ സർവ്വീസ് പരീക്ഷാ ബോർഡ് മുഖേന, സഹകരണ സംഘങ്ങളിലെ നിയമനത്തിന് ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടി ക്രമങ്ങളിൽ, സൂചന ഒന്ന് പ്രകാരം ഭേദഗതി വരുത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ഇപ്രകാരം സഹകരണ സംഘങ്ങളിലെ നിയമനത്തിന് മേൽ പ്രകാരം സഹകരണ സർവ്വീസ് പരീക്ഷാ ബോർഡ് പരീക്ഷ നടത്തി ഇന്റർവ്യൂവിന് വിളിക്കാൻ അർഹതയുള്ള ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ്, ബോർഡ്, സഹകരണ സംഘങ്ങൾക്ക് അയച്ചുകൊടുക്കുന്നുണ്ടെങ്കിലും, ബോർഡ് നൽകുന്ന ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള ഉദ്യോഗാർത്ഥികളെ ഇന്റർവ്യൂ നടത്തി പ്രസ്തുത ലിസ്റ്റ് ലഭിച്ച തീയതി മുതൽ 2 മാസത്തിനകം സഹകരണ സംഘം ഭരണ സമിതി പരീക്ഷാ ബോർഡിന് നൽകണമെന്ന വ്യവസ്ഥ പല സംഘങ്ങളും പാലിക്കാത്തതുമൂലം സഹകരണ സംഘങ്ങളിലെ നിയമനങ്ങൾക്ക് കാലതാമസം നേരിടുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ അത്തരം സംഘങ്ങൾക്കെതിരെ നടപടി സ്വീകരിക്കാനും സർക്കാർ നിർദ്ദേശിച്ചി

ട്ടുണ്ട്. മേൽ സാഹചര്യത്തിൽ, താഴെ പറയും പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിയ്ക്കുന്നു.

സഹകരണ സർവ്വീസ് പരീക്ഷാ ബോർഡു മുഖേന നിയമനം നടത്തേണ്ട സഹകരണ സംഘങ്ങളിലെ പരീക്ഷാ നടത്തിപ്പും, ഇന്റർവ്യൂവും നിയമനവും കേരള സഹകരണ ചട്ടങ്ങളിലും, 28.2.2005 ലെ ജി.ഒ.എം.എസ് 27/2005/സഹ. ഗവൺമെന്റ് ഉത്തരവിലും വ്യവസ്ഥ ചെയ്തിട്ടുള്ള നടപടിക്രമങ്ങൾ കർശനമായി പാലിച്ചുകൊണ്ട് സമയബന്ധിതമായി നിയമാനുസൃതം പൂർത്തീകരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്ന സംഘങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതാണ്.

അതാത് ജില്ലയിലെ ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥൻമാർ ഇക്കാര്യത്തിൽ ശ്രദ്ധ പുലർത്തേണ്ടതും, നിയമാനുസൃതം സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതും, വീഴ്ച വരുത്തുന്ന സഹകരണ സംഘങ്ങൾക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

ഒപ്പ്.
റാണി ജോർജ്ജ് ഐ.എ.എസ്.
സഹകരണ സംഘം രജിസ്ട്രാർ.

പകർപ്പ് :
1. എല്ലാ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ, കാർഷികേതര വായ്പാ സംഘങ്ങൾ, അർബൻ ബാങ്കുകൾ, പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്കുകൾ. } ബന്ധപ്പെട്ട ജോയിന്റ് രജിസ്ട്രാർമാർ മുഖേന.
2. ജനറൽ മാനേജർ, എല്ലാ ജില്ലാ സഹകരണ ബാങ്കുകൾക്കും.
3. അഡീഷണൽ ചീഫ് സെക്രട്ടറി, (ആവരണകത്ത് സഹിതം).
4. സെക്രട്ടറി, സംസ്ഥാന സഹകരണ യൂണിയൻ, തിരുവനന്തപുരം.
5. എഡിറ്റർ ആന്റ് പി.ആർ.ഒ, സഹകരണ ജേർണൽ.
6. സെക്രട്ടറി, സഹകരണ സർവ്വീസ് പരീക്ഷാ ബോർഡ്,തിരുവനന്തപുരം.
7. സ്റ്റോക്ക് ഫയൽ.

ആജ്ഞാനുസരണം,

(ഒപ്പ്)

സഹകരണ സംഘം രജിസ്ട്രാർക്കു വേണ്ടി.